**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിട്ട ചോദ്യം നം.291** | | **07.10.2016-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **മാലിന്യ പ്രശ്നം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.പി.സി.ജോർജ്ജ്** | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | കേരളത്തിലാകെ മാലിന്യ പ്രശ്നം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാലിന്യങ്ങൾ പൊതുസ്ഥലങ്ങൾ, ഓടകൾ , ജലാശയങ്ങൾ തുടങ്ങിയയിടങ്ങളിൽ വലിച്ചെറിയുന്നതും, കൂട്ടിയിട്ട് കത്തിക്കുന്നതും പ്രശ്നങ്ങളുണ്ടാക്കുന്നു. |
| (ബി) | ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ആദ്യം ആവിഷ്കരിച്ചിരുന്ന പൈപ്പ് കമ്പോസ്റ്റ് പദ്ധതി ഫലപ്രദമായില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ കേരളത്തിലെ വിവിധ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ എന്നിവ മുഖാന്തിരം വീടുകളിൽ 3 വിധത്തിലുള്ള വലിയ കിച്ചൻ ബിൻ സ്ഥാപിച്ച് ആഴ്ചയിൽ 2 തവണ വീതം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലോറികൾ എത്തി മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | ഉറവിട മാലിന്യ സംസ്കരണ പദ്ധതിയാണ് മാലിന്യ പ്രശ്നത്തിനുള്ള പരിഹാരമാർഗ്ഗമായി കാണുന്നത്. വീടുകളിൽ തന്നെ കമ്പോസ്റ്റിംഗ് നടത്തി ജൈവമാലിന്യം പരിപാലിക്കാവുന്ന വിവിധ തരത്തിലുള്ള കിച്ചൻ ബിന്നുകൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വിവിധ വാർഡുകളിൽ സ്ഥാപിച്ചുവരുന്നത് വിജയകരമാണെന്ന് കണ്ടതിനെ തുടർന്ന് പ്രസ്തുത സംവിധാനം അംഗീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ ശുചിത്വ മിഷന്റെ സാങ്കേതിക സമിതിയുടെ സജീവ പരിഗണനയിലാണ്. കേന്ദ്രീകൃത പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ, പൊതു ജനങ്ങളുടെയും മറ്റും എതിർപ്പുമൂലം സ്ഥാപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വീടുകളിൽ കിച്ചൻ ബിൻ സ്ഥാപിച്ച് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണം നടത്തുക എന്നുള്ളത് ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ